ശ്രീമതി.സി.കെ.ആശ. എം.എൽ. എ ഉന്നയിച്ച സബ്മിഷനുള്ള മറുപടി

2018 ലെ പ്രളയത്തിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്ക് ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് കോട്ടയം ജില്ലയിൽ 30.06.2019 വരെ രണ്ടാം ഘട്ട അപ്പീൽ ലഭിച്ച 48.061 അപേക്ഷകളിൽ അപ്പീൽ തീർപ്പാക്കി ലിസ്റ്റിൽ ഉൾപ്പെടുത്തിയവർക്കാണ് ഇനി രണ്ടും, മൂന്നും ഗഡു ധനസഹായം അനുവദിക്കാനുള്ളത്. ഇവർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള വിഹിതം അദ്യഘട്ടമായി അനുവദിച്ച് നൽകിയിട്ടുണ്ട്. രണ്ടും, മൂന്നും ഗഡുക്കൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നാണ് അനുവദിക്കുന്നത്. 2018 ലെ പ്രളയത്തിലെ അപേക്ഷകളിൽ നടപടി സ്വീകരിച്ച് വരികെ 2019 പ്രളയവുമായി ബന്ധപ്പെട്ട അടിയന്തിര പ്രവർത്തനങ്ങൾ ചെയ്യേണ്ടി വരുകയും കൊറോണ പ്രതിരോധ പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യേണ്ടി വന്നതുകാരണം ജില്ലാതലത്തിൽ അപ്പീൽ അപേക്ഷകൾ തീർപ്പാക്കുന്നതിന് കാലതാമസം ഉണ്ടായി.

കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി, മീനച്ചിൽ, വൈക്കം താലൂക്കുകളിൽ 2018 ലെ പ്രളയത്തിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്ക് മുഖ്യമന്ത്രിയുടെ ദുരുതാശ്വാസ നിധിയിൽ നിന്ന് 25,93,24,950 രൂപ അനുവദിക്കണമെന്ന് 10.11.2020 തീയതിയിലെ കത്ത് പ്രകാരം കോട്ടയം ജില്ലാകളക്ടർ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. വൈക്കം താലൂക്കിന് മാത്രമായി ആവശ്യപ്പെട്ടിരിക്കുന്ന തുക 25,17,02,450 രൂപയാണ് . ജില്ലാകളക്ടറുടെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്ന മൊത്തം തുകയും അനുവദിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. എത്രയും വേഗം തുക അനുവദിച്ചുനൽകുന്നതാണ്.

******************************************